# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2879**

**13-03-2018 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വികസനത്തിന് പാടശേഖര സമിതി

**ചോദ്യം**

ശ്രീ.പി. ഉണ്ണി
,, ആർ. രാജേഷ്
,, സി. കെ. ശശീന്ദ്രൻ
,, യു. ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയ്ക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തരിശുനില കൃഷിക്കും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കൃഷിക്കും പ്രാധാന്യം നൽകികൊണ്ടുള്ള നെൽകൃഷി വികസനത്തിന് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | സമഗ്ര നെൽ കൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശു നിലം കൃഷിയോഗ്യമാക്കുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നതിനു വ്യവസ്ഥയുണ്ട്. തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും ; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്.<br>തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽ കൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്നു വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ, അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും, യുവജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനും, നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമോ/പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യ-ങ്ങൾ നൽകുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ രംഗത്ത് പാടശേഖര സമിതികളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | പാടശേഖരസമിതികൾ ഗ്രൂപ്പ് ഫാമിങ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നു. പാടശേഖരത്തിനു പൊതുവായ ആവശ്യത്തിനുള്ള യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും, സൂക്ഷിക്കുന്നതിനും, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും, ആവശ്യമുള്ളവ വാടകയ്ക്ക് എടുക്കുന്നതിനും, തോടുകൾ, വരമ്പുകൾ എന്നിവ യഥാസമയം നന്നാക്കുന്നതിനും, വെള്ളം പമ്പ് ചെയ്തു കൃഷിയിറക്കേണ്ട സ്ഥലങ്ങളിൽ അതു നടത്തുന്നതിനും, ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിനും, നെല്ലു സംഭരണത്തിനും പാടശേഖര സമിതിയുടെ സേവനം ഉപയോഗപ്പെടുത്തുന്നു. |
| (സി) | പാടശേഖര സമിതികൾ മുഖേന ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നെൽകൃഷി ചെയ്യുന്നതിന് നിലവിൽ എത്ര രൂപയാണ് ഹെക്ടർ ഒന്നിന് നൽകി വരുന്നത്; | (സി) & (ഡി) | പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് ഗ്രൂപ്പ് ഫാമിങ് സമ്പ്രദായമനുസരിച്ച് വിവിധ പദ്ധതിഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. സമഗ്ര നെൽ കൃഷി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾക്ക് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ ആയിരിക്കും ഇത്. |
| (ഡി) | ഉത്തമ കൃഷിമുറകൾ അവലംബിക്കുന്നതിന് പാടശേഖര സമിതികൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## * പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുളള പദ്ധതി

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് ഗ്രൂപ്പ് ഫാമിങ് സമ്പ്രദായമനുസരിച്ച് വിവിധ പദ്ധതിഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

## * പദ്ധതിയധിഷ്ഠിത ധനസഹായം

നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

## * നെൽ കൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1)വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും. സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് 262 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## * ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം

നെൽകൃഷി മേഖലയിൽ കേന്ദ്ര /സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയധിഷ്ഠിതമായിട്ടാണ് ആനുകൂല്യം നൽകുക.

സമഗ്ര നെൽ കൃഷി വികസന പദ്ധതിയുടെ ഫലമായി 2016-17 സാമ്പത്തിക വർഷത്തിൽ 2782.3857 ഹെക്ടർ സ്ഥലം കൃഷി ചെയ്യിക്കാൻ സാധിച്ചു. 2017-18 വർഷത്തിൽ ലക്ഷ്യമിട്ട 2956.7 ഹെക്ടറിന്റെ സ്ഥാനത്ത് 5485. 686 ഹെക്ടർ തരിശുനിലം കൃഷി ചെയ്യിക്കാൻ സാധിച്ചിട്ടുണ്ട്.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം നടപ്പ് വർഷം കർഷകർക്ക് ആനുകൂല്യം നൽകുന്നതിനുള്ള വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

## * സുസ്ഥിര നെൽകൃഷി

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചിലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

## * പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുളള പ്രോൽസാഹനം -

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം. പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

* **കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 350 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

* **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും നൽകുന്നു.

* **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ